# <u>വിജ്ഞാപനം</u>

## കേരളാ സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് 2010–11

കേരള സംസ്ഥാനത്തിലെ സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവണ്മെന്റ്/എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെയും, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്കളിലെയും വിദ്യാർത്ഥികളിൽ നിന്നും 2010–11 അധ്യയന വർഷത്തിലേയ്ക്കുള്ള കേരള സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ സ്കോളർഷിപ്പ് വെബ്-സൈറ്റായ www.dcescholarship.kerala.gov.in ൽ **<u>State Merit Scholarship(SMS)</u>** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **8–12–2010** മുതൽ ഓൺലൈനായി സമർപ്പിക്കാം.

**1. <u>യോഗ്യതകൾ</u>**

a. അപേക്ഷകർ 2010–11 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകകൾ ഇവയിലേതിലെങ്കിലും ഒന്നാം വർഷ ബിരുദ/ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായിരിക്കണം.

b. 2010 മാർച്ചിലെ യോഗ്യതാ പരീക്ഷയിൽ 50% ൽ അധികം മാർക്ക് നേടിയവരായിരിക്കണം.

- ഒന്നാം വർഷ ബിരുദാനന്തര വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ബിരുദ പരീക്ഷയിൽ ഐച്ഛിക വിഷയത്തിനും സബ്സിഡിയറിക്കും കൂടി 50% മാർക്ക് ലഭിച്ചിരിക്കണം.
- കഴിഞ്ഞവർഷം അർഹതാ പരീക്ഷ ജയിച്ചവർക്കും സ്കേളർഷിപ്പിന് അപേക്ഷിക്കാം. പക്ഷേ ഉപരിപഠനത്തിന് ചേർന്നത് ഈ അക്കാഡമിക് വർഷത്തിലായിരിക്കണം.

c. അപേക്ഷകരുടെ രക്ഷകർത്താവിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടാൻ പാടില്ല.

- മെറിറ്റ് അടിസ്ഥാനത്തിൽ പോസ്റ്റ് ഇന്റർ സ്റ്റേജിൽ ആർട്ട്സ് വിഭാഗത്തിലെ ആറു വിദ്യാർത്ഥികൾക്കും , സയൻസ് വിഭാഗത്തിലെ ആറു വിദ്യാർത്ഥികൾക്കും കോമേഴ്സ് വിഭാഗത്തിലെ ആദ്യത്തെ മൂന്നു വിദ്യാർത്ഥികൾക്കും, പോസ്റ്റ് ഗ്രാജുവേറ്റ് സ്റ്റേജിൽ ഓരോ

വിഭാഗത്തിലേയും ആദ്യത്തെ കുട്ടിയ്ക്കും വരുമാന പരിധി നോക്കാതെ സ്കോളർഷിപ്പ് നൽകുന്നതാണ്.

**2. സ്കോളർഷിപ്പ് തുക യും എണ്ണവും.**

| കോഴ്സ് | തുക പ്രതിവർഷം (രൂപ) | എണ്ണം |
|---|---|---|
| ബിരുദം (BA/BSc/B.Com etc.) (പോസ്റ്റ് ഇന്റർ സ്റ്റേജ്) | 1,250/- | 300 |
| ബിരുദാനന്തര ബിരുദം (M.A,MSc,M.Com etc.) (പി ജി സ്റ്റേജ്) | 1,500/- | 150 |

**3. ബന്ധപ്പെട്ട മറ്റു വിവരങ്ങൾ**

a. അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.ടി) ൽ **സ്വന്തം പേരിൽ** അക്കൗണ്ട് ഉായിരിക്കണം.

**4. അപേക്ഷിക്കേണ്ട രീതി:**

a. വിദ്യാർഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **8-12-2010** മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി:

i. www.dcescholarship.kerala.gov.in എന്ന വെബ് സൈറ്റിലെ **State Merit Scholarship(SMS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ii. **Apply Online** ൽ ക്ലിക്ക് ചെയ്യുക.

iii. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുങ്കെിൽ അതിന്റെ വിവരങ്ങൾ വച്ച് **Candidate Login** ചെയ്യുക.

iv. അല്ലെങ്കിൽ **New Registration** ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് **Submit** ക്ലിക്ക് ചെയ്യുക.

v. സ്കോളർഷിപ്പ് പേജിൽ SMS എന്ന ടാബിൽ ക്ലിക്ക് ചെയ്യുക

vi. കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക.

vii. **Submit** ക്ലിക്ക് ചെയ്യുക.

b. ഓൺലൈനിലൂടെ അപേക്ഷ നൽകിയ തിനു ശേഷം **View/ Print Application** ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

c. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് **ഭാഗം 5** ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

d. വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തി യിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ് (**Verification**).

e. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം (**Approval**).

f. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീം ഇവ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

## 5. സ്ഥാപനമേധാവിക്കു സമർപ്പിക്കേണ്ട രേഖകൾ

a. അപേക്ഷകന്റെപാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്.

b. എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

c. അപേക്ഷകന്റെ **സ്വന്തം പേരിലുള്ള** ബാങ്ക് പാസ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നംബർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ ഉൾപ്പെട്ടിരിക്കണം).

d. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.

e. വരുമാന സർട്ടിഫിക്കറ്റ്.

f. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.

## 6. അവസാന തീയതികൾ

a. ഓൺലൈൻ ആയി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **22/12/2010**

b. രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട തീയതി : **10/01/2011**

c. സ്ഥാപനമേധാവികൾസൂക്ഷ്മപരിശോധനക്കു ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി : **15/01/2011**

:

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്.